# Farewell Accorded to Collector K Ramachandran

**Express News Service**

**Palakkad:** A farewell was accorded to District Collector K Ramachandran under the auspices of VISWAS (Victims information, Sensitisation, Welfare and Assistance Society) at the camp office here on Sunday.

The collector who is the chairman of VISWAS said it was the co-operation from the part of the people which made him undertake his duties. Speakers at the event said he had done his best for the tribals and the Scheduled Castes.

VISWAS secretary P Premnath welcomed the gathering and office-bearer Girish K Menon proposed a vote of thanks. Ramachandran who will relinquish office as District Collector of Palakkad, will take charge either as Land Board secretary or Tribal Director in Thiruvananthapuram. P Marykutty, the new Collector, will assume office on Monday.



**A farewell being accorded by VISWAS to District Collector K Ramachandran at the camp office in Palakkad on Sunday**



സ്ഥലം മാറി പോവുന്ന പാലക്കാട് ജില്ലാ കലക്ടർ കെ.രാമചന്ദ്രന് വിശ്വാസിന്റെ ആഭിമുഖ്യത്തിൽ നൽകിയ യാത്രയയപ്പ്

# കളക്ടർക്ക് വിശ്വാസ് യാത്രയയപ്പ് നൽകി

പാലക്കാട്: ലാൻഡ് ബോർഡ് സെക്രട്ടറിയായി സ്ഥലംമാറിപ്പോകുന്ന കളക്ടർ കെ. രാമചന്ദ്രന് വിശ്വാസ് യാത്രയയപ്പ് നൽകി.

കുറ്റകൃത്യങ്ങൾക്കിരയാകുന്നവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസിന്റെ പ്രസിഡന്റ്കൂടിയാണ് കളക്ടർ. വൈസ് പ്രസിഡന്റ് പി. കുര്യാക്കോസ് അധ്യക്ഷതവഹിച്ചു.



സ്ഥലംമാറിപ്പോകുന്ന കളക്ടർ കെ. രാമചന്ദ്രന് വിശ്വാസ് പ്രവർത്തകർ നൽകിയ യാത്രയയപ്പ്

അഡ്വ. പി. പ്രേംനാഥ്, അഡ്വ. ടി. റീന, അഡ്വ. ശാന്താദേവി, ഡോ. ജോസ് പോൾ, ഡോ. ശ്രീഹരി, കേശവൻ, ജ്യോതി രാമചന്ദ്രൻ, അഡ്വ. ഗിരീഷ് കെ. മേനോൻ എന്നിവർ സംസാരിച്ചു.

# കളക്ടർക്ക് വിശ്വാസ് യാത്രയയപ്പ് നൽകി

പാലക്കാട്: ലാൻഡ് ബോർഡ് സെക്രട്ടറിയായി സ്ഥലം മാറിപ്പോകുന്ന കളക്ടർ കെ. രാമചന്ദ്രന് വിശ്വാസ് യാത്രയയപ്പ് നൽകി. കുറ്റകൃത്യങ്ങൾക്കിരയാകുന്നവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിശ്വാസിന്റെ പ്രസിഡന്റ്കൂടിയാണ് കളക്ടർ. വൈസ് പ്രസിഡന്റ് പി. കുര്യാക്കോസ് അധ്യക്ഷതവഹിച്ചു.

അഡ്വ. പി.പ്രേംനാഥ്, അഡ്വ. ടി. റീന, അഡ്വ. ശാന്താദേവി, ഡോ. ജോസ് പോൾ, ഡോ. ശ്രീഹരി, കേശവൻ, ജ്യോതി രാമചന്ദ്രൻ, അഡ്വ. ഗിരീഷ് കെ. മേനോൻ എന്നിവർ സംസാരിച്ചു.




പാലക്കാട്ട് ചൈൽഡ്‌ലൈനിന്റെയും വിശ്വാസിന്റെയും ആഭിമുഖ്യത്തിൽ കലക്ടർ അലി അസ്ഗർ പാഷയ്ക്കു നൽകിയ യാത്രയയപ്പ് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ ഉദ്ഘാടനം ചെയ്യുന്നു

# അലി അസ്ഗർ പാഷയുടേത് നിർഭയ സേവനം: ജസ്റ്റിസ് ചേറ്റൂർ

പാലക്കാട് ● ജില്ല എക്കാലവും ഓർമിക്കുന്ന മികച്ച സേവനമാണ് കലക്ടർ പി.എം.അലി അഗ്സർ പാഷ നൽകിയതെന്ന് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ. കെടിഡിസി എംഡിയായി സ്ഥലം മാറിപ്പോകുന്ന ജില്ലാ കലക്ടർക്ക് ചൈൽഡ് ലൈനും വിശ്വാസും സംയുക്തമായി നൽകിയ യാത്രയയപ്പ് യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഒന്നരവർഷം കൊണ്ട് ഏറെ കാര്യങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു.പല പ്രശ്നങ്ങളും ശക്തമായി കൈകാര്യം ചെയ്തു. നിർഭയനായാണ് കലക്ടർ പ്രവർത്തിച്ചത്. സമയനിഷ്ഠയും കൃത്യതയും കൈമുതലാക്കിയുള്ള പ്രവർത്തനം ജില്ലയിലെ സാധാരണക്കാർക്ക് ഏറെ ഗുണം ചെയ്തു. തീരുമാനങ്ങൾഎടുക്കുന്നതിൽ അദ്ദേഹത്തിന് ഒന്നും തടസമായില്ല.നടപടികൾക്ക് പൊതുജനങ്ങളിൽ നിന്ന് ഒരു എതിർപ്പുമുണ്ടായില്ലെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കുറഞ്ഞകാലയളവു കൊണ്ട് ജോലിയിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ് അദ്ദേഹം.

ഫാ. ഡോ. ജോസ് പോൾ അധ്യക്ഷനായിരുന്നു. കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്കുവേണ്ടിയുള്ള സംഘടനയായ വിശ്വാസിന്റെ വൈസ് പ്രസിഡന്റ് വി.സി. കുര്യാക്കോസ്, വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, ഹ്യൂമനിസ്റ്റ് മിഷൻ പ്രസിഡന്റ് പി.അബൂബക്കർ, അഡ്വ.പി.റീന എന്നിവർ പ്രസംഗിച്ചു. കുറ്റകൃത്യങ്ങൾ ഇരയാകുന്നവരെ സഹായിക്കാൻ രാജ്യത്ത് ആദ്യമായി വിശ്വാസ് എന്ന സ്ഥാപനം ആരംഭിക്കാൻ പ്രചോദനം നൽകിയത് കലക്ടറാണെന്ന് പ്രേംനാഥ് ചൂണ്ടിക്കാട്ടി. സ്വന്തം ജില്ലയിൽ കലക്ടറായി പ്രവർത്തിക്കാൻ അവസരം ലഭിച്ചത് ഒരു നിയോഗമാണെന്ന് കലക്ടർ മറുപടി പ്രസംഗത്തിൽ പറഞ്ഞു. സ്വന്തം നാട്ടിൽ നിന്ന് മടങ്ങുകയെന്നത് വേദനയുണ്ടാക്കുന്ന കാര്യമാണ്.

ചോദിച്ച തസ്തികയിൽ തന്നെ സർക്കാർ നിയമനം തന്നത് ഭാഗ്യമായി കരുതുന്നു. അട്ടപ്പാടിയിലെ നാല് ആദിവാസി യുവാക്കൾക്ക് ഗൾഫിൽ മാന്യമായ ജോലി ലഭിക്കാൻ സഹായിക്കാൻ കഴിഞ്ഞതാണ് ജോലിയിൽ ഏറ്റവും കൂടുതൽ സന്തോഷം നൽകിയ സംഭവം. ഇതുവരെയുള്ള സർവീസ് കാലയളവിൽ ഇതാദ്യമായാണ് ഒരു യാത്രയപ്പ് യോഗത്തിൽ പങ്കെടുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കലക്ടർ നാളെ സ്ഥാനമൊഴിയും.

# മൃത്യുഞ്ജയന് യാത്രയയപ്പ്

പാലക്കാട്: റീജിയണൽ ഡയറക്ടറായി ഉദ്യോഗകയറ്റം ലഭിച്ച് തിരുവനന്തപുരത്തേയ്ക്ക് സ്ഥലം മാറിപോകുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസർ ആർ.മൃത്യുഞ്ജയന് വിശ്വാസിന്റേയും, ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. ചെയർമാൻ ഡോ. ജോസ് പോൾ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ കെ.രാമചന്ദ്രൻ ഉപഹാരം നൽകി. അഡ്വ. എസ്.ശാന്താ ദേവി, വി.എം.കേശവൻ, പ്രഫുല്ലദാസ്, ആർ.സി.ജയരാജൻ, അഡ്വ.റീന അരുൺരാജ്, എന്നിവർ സംസാരിച്ചു. വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ് സ്വാഗതവും ചൈൽഡ് വൈൻ കോ-ഓർഡിനേറ്റർ സുഷമ.എസ് നന്ദിയും പറഞ്ഞു.



റീജിയണൽ ഡയറക്ടറായി ഉദ്യോഗകയറ്റം ലഭിച്ച് തിരുവനന്തപുരത്തേയ്ക്ക് സ്ഥലം മാറിപോകുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസർ ആർ.മൃത്യുഞ്ജയന് വിശ്വാസിന്റേയും, ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും നേതൃത്വത്തിൽ യാത്രയയപ്പിൽ ജില്ലാ കളക്ടർ കെ.രാമചന്ദ്രൻ ഉപഹാരം നൽകുന്നു